**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — പട്ടാഴി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജി. രാജ്കുമാറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2750/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 07.08.2017

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.04.2016-ലെ ഇ 2-(എസ് സി 46/2015/കെഎൽഎം) 24829/2015 നമ്പർ കത്ത്

2. സർക്കാരിന്റെ 20.09.2016-ലെ 139/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. ജി. രാജ്കുമാർ സമർപ്പിച്ച 19.11.2016-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 18.04.2017-ലെ ഡി6-32986/16 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിൽ ഒൻപതാം പഞ്ചവത്സര പദ്ധതിയിൻകീഴിൽ 2014-15 വർഷം നടത്തിയ പദ്ധതികളിൽ സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശമനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. സെക്രട്ടറിക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാജ്കുമാറിന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുത്തു നടത്തേണ്ടത് ആ വാർഡിലുള്ള ഗുണഭോക്തൃസമിതികളാണെന്ന് ബന്ധപ്പെട്ട ചട്ടങ്ങൾ വ്യവസ്ഥചെയ്യുന്നുണ്ട്. ടി സമിതിയിലുള്ള അംഗങ്ങൾ പ്രസ്തുത വാർഡിലുള്ളവരാണെന്നു പഞ്ചായത്ത് സെക്രട്ടറി സത്യവാങ്മൂലം നല്കിയിരിക്കണമെന്ന് 16.11.2013-ലെ സ.ഉ.(കൈ) 362/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നടത്തിയ പ്രവൃത്തികളിൽ പലതിലും ചട്ടപ്രകാരം പാലിക്കേണ്ടതായ ഇത്തരത്തിലൊരു സത്യവാങ്മൂലം നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന രാജ് കുമാർ വിസമ്മതിച്ചു എന്നും അതിനാൽ പഞ്ചായത്ത് പ്രസിഡന്റിന് ഇത്തരത്തിലൊരു സത്യവാങ്മൂലം നൽകേണ്ട സാഹചര്യമുണ്ടായി എന്നും എന്നാൽ ബില്ലുകൾ പാസ്സാക്കി കൊടുക്കുന്നതിൽ രാജ്കുമാർ വിസമ്മതമൊന്നും പ്രകടിപ്പിച്ചില്ല എന്നുമായിരുന്നു ടിയാനെതിരെയുള്ള ആരോപണം.

ശ്രീ. ജി. രാജ് കുമാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ താൻ പട്ടാഴി ഗ്രാമപഞ്ചായത്തിൽ ചാർജ് എടുക്കുന്നത് 01.01.2015-ലാണെന്നും അവിടെ നിലവിലുണ്ടായിരുന്ന അവസ്ഥ സംബന്ധിച്ച് ഡയറക്ടർ മുഖേന സർക്കാരിന് കത്ത് നൽകിയെങ്കിലും നടപടിയെടുത്തതായി അറിവില്ലെന്നും ഈ വിഷയത്തിൽ കേസ് അന്വേഷിച്ച വിജിലൻസ് ഇൻസ്പെക്ടർക്കു തന്നോട് വ്യക്തിവിദ്വേഷമുണ്ടായിരുന്നുവെന്നും അതിനാൽ തനിക്കെതിരെ പ്രതികൂല റിപ്പോർട്ട് നൽകിയെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതിയുടെ ചെയർമാൻ. കൺവീനർ എന്നിവരെ സംബന്ധിച്ച് അന്വേഷണം നടത്തി അറിയിക്കണമെന്ന് ബന്ധപ്പെട്ട എൻജിനീയർക്കു നിർദേശം നൽകിയെങ്കിലും നടപടിയെടുത്തില്ലെന്നും കൺവീനറുടെയും ചെയർമാന്റെയും തിരിച്ചറിയൽ കാർഡ് എൻജിനീയർ ലഭ്യമാക്കിയിരുന്നില്ലെന്നും

ഇക്കാരണത്താലാണ് സത്യവാങ്മൂലം നല്കാൻ കഴിയാതിരുന്നതെന്നും ലാപ് സാകാതിരിക്കാനാണ് സാമ്പത്തികവർഷത്തിന്റെ അവസാനം ബില്ല് പാസാക്കുന്ന അനുമതി നൽകിയതെന്നും അക്കൗണ്ടന്റും പഞ്ചായത്ത് പ്രസിഡന്റും ബില്ല് പാസാക്കുന്നതിന് ശുപ നൽകിയിരുന്നുവെന്നും ടിയാൻ ബോധിപ്പിക്കുകയുണ്ടായി.

ശ്രീ. രാജ്കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി. അംഗങ്ങൾ, കൺവീനർ, ചെയർമാൻ എന്നിവരുടെ തിരിച്ചറിയൽ കാർഡ് വാങ്ങി ലഭ്യമാക്കേണ്ട ചുമതല എഞ്ചിനീയർ പാലിക്കാത്തതാണ് പഞ്ചായത്ത് സെക്രട്ടറിക്കു സത്യവാങ്മൂലം നല്കാൻ കഴിയാത്തതിന് കാരണമെന്നു മനസിലാക്കുന്നതായാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട എൻജിനീയർ രേഖകൾ നൽകിയിട്ടും പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപത്രം നൽകിയില്ല എന്നുള്ളത് തെളിയിക്കപ്പെട്ടിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രതിവാദ പത്രികയിലെ ശ്രീ. ജി. രാജ്കുമാറിന്റെ അഭ്യർത്ഥന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ടിയാനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിലും ടിയാൻ പ്രതിവാദ പത്രികയിൽ സമർപ്പിച്ച കാര്യങ്ങൾത്തന്നെ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താൻ യഥാസമയങ്ങളിൽ ബന്ധപ്പെട്ടവർക്ക് നിർദേശങ്ങൾ നല്കിയിട്ടുള്ളതാണെന്നും അതനുസരിച്ചുള്ള റിപ്പോർട്ടും രേഖകളും ലഭ്യമാക്കാത്തതിനാലാണ് സാക്ഷ്യപത്രം നല്കാൻ സാധിക്കാതെവന്നതെന്നുമാണ് പ്രധാനമായും ടിയാന്റെ വാദം. എന്നാൽ തിരിച്ചറിയൽ കാർഡുൾപ്പെടെയുള്ള രേഖകൾ നിർവ്വഹണോദ്യോഗസ്ഥനായ എഞ്ചിനീയർ വാങ്ങി നൽകണമെന്ന് ബന്ധപ്പെട്ട ഉത്തരവിൽ എവിടെയും നിഷ്കർഷിച്ചിട്ടില്ല. 30.01.2015-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സിൽ ഗുണഭോക്തൃ സമിതി മുഖേന നടത്തുന്ന പൊതുമരാമത്തു പണികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ യോഗം വിളിച്ചുകൂട്ടുന്നതിനു പഞ്ചായത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. അക്കാര്യം സെക്രട്ടറി ചെയ്തതായി കാണാൻ സാധിച്ചിട്ടില്ല. അത് ചെയ്തിരുന്നുവെങ്കിൽ അവരുടെ ഐഡന്റിറ്റിയുൾപ്പെടെയുള്ളവ സെക്രട്ടറിക്കു ബോധ്യമാകുമായിരുന്നു. അതുപ്രകാരം സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചപ്രകാരം സാക്ഷ്യപത്രം നല്കാൻ സെക്രട്ടറിക്കു സാധിക്കുമായിരുന്നു. കൺവീനർ, ചെയർമാൻ എന്നിവരുടെ ഐഡന്റിറ്റി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന് താൻ എൻജിനീയർക്കു നിർദേശം നൽകിയിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല എന്ന് സെക്രട്ടറി പറയുന്നത് ചട്ടത്തിന്റെ പിൻബലമില്ലാതെയാണ്. ഇതിൽ നിന്നും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശം പാലിക്കുന്നതിൽ പട്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. രാജ്കുമാർ വീഴ്ചവരുത്തിയതായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ KCS(CCA)Rules ചട്ടം 11(1) പ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജി. രാജ്കുമാറിന്റെ ഒരു വാർഷിക വേതന വർദ്ധനവ് ആറുമാസത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. ജി. രാജ്കുമാർ, മുൻ സെക്രട്ടറി, പട്ടാഴി ഗ്രാമപഞ്ചായത്ത്.

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ